# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കവിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.7/918/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 04/10/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.7/918/2024 തീയ്യതി: 04/10/2024

## പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2024 | 31-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2024 | 31-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ചന്ദ്രശേഖരൻ ജി, ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.ഡി. ദിനേശ്കുമാർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ജോസഫ് അലോഷ്യസ് | സെക്രട്ടറി | 01-04-2023 | 09-04-2023 |
| ശ്രീ. അനീഷ്കുമാർ വി.എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-04-2023 | 18-05-2023 |
| ശ്രീ. ജോസഫ് അലോഷ്യസ് | സെക്രട്ടറി | 19-05-2023 | 31-05-2023 |
| ശ്രീ. മനോജ്കുമാർ വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2023 | 18-06-2023 |
| ശ്രീ. അനീഷ്കുമാർ വി.എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-06-2023 | 03-07-2023 |
| ശ്രീ. സാം കെ. സലാം | സെക്രട്ടറി | 04-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനീഷ്കുമാർ വി.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി സൗമ്യ കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 25-07-2023 |
| ശ്രീ. അരുൺകുമാർ ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-07-2023 | 31-03-2024 |
| ഡോ. ലക്ഷ്മി ആർ. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ. വിനീത രവി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 17-07-2023 |
| ഡോ. വീണ ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 18-07-2023 | 22-08-2023 |
| ഡോ. പാർവ്വതി സി.എ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 23-08-2023 | 31-03-2024 |
| ഡോ. ആശ അലക്സ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി രേഖ എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ലക്ഷ്മി വി.എൻ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടൂർ സർക്കിൾ | 01-04-2023 | 07-08-2023 |
| ശ്രീമതി നിഷാദ ബീവി എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടൂർ സർക്കിൾ | 08-08-2023 | 18-08-2023 |
| ശ്രീ. അരുൺ എം. പ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടൂർ സർക്കിൾ | 19-08-2023 | 31-03-2024 |
| ശ്രീമതി ലക്ഷ്മി വി.എൻ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കവിയൂർ സർക്കിൾ | 01-04-2023 | 16-08-2023 |
| ശ്രീമതി നിഷാദ ബീവി എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കവിയൂർ സർക്കിൾ | 17-08-2023 | 31-03-2024 |
| ശ്രീമതി റോഷ്ന കരീം | ഫിഷറീസ് എക്സ്റ്റൻഷർ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. അരുൺകുമാർ എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി ലതികകുമാരി എം.സി. | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീ. സന്ദീപ് പി. കുമാർ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾ– നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-3 |
| 5 | ലൈഫ് ഭവന പദ്ധതി വായ്പ- നീക്കിയിപ്പ് കൃത്യമല്ല | 1-1-4 |
| 6 | ഗുണഭോക്തൃ വിഹിതം- അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-5 |
| 7 | കാലഹരണപ്പെട്ട നിക്ഷേപ തുകകൾ ഫോർഫീറ്റ് ചെയ്തില്ല | 1-1-6 |
| 8 | Prepaid Programme Expenses- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-7 |
| 9 | Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | Asset തെറ്റായി റവന്യൂ ഹെഡിൽ അക്കൗണ്ട് ചെയ്തു | 1-1-9 |
| 11 | ആസ്തികൾ തെറ്റായി റവന്യൂ ഹെഡിൽ ഉൾപ്പെടുത്തി | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക നില | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്തില്ല | 1-11 |
| 23 | തൊഴിൽ നികുതി - പിരിവ് കാര്യക്ഷമമല്ല | 1-12 |
| 24 | വാടക -കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു | 1-13 |
| 25 | ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 1-14 |
| 26 | തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചിട്ടില്ല | 1-15 |
| 27 | സിവിൽ നിക്ഷേപങ്ങൾ–കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-16 |
| 28 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ഇ-ടെണ്ടർ അക്കൗണ്ടിലെ തുക കൈമാറിയില്ല | 1-17 |
| 29 | ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ഗ്രാമപഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെട്ടു | 1-18 |
| 30 | കേന്ദ്ര വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-19 |
| 31 | പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല | 1-20 |
| 32 | യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-21 |
| 33 | പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-22 |
| 34 | ഭവന പുനരുദ്ധാരണം-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-23 |
| 35 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല- തുടർച്ചയായ നിരീക്ഷണം അനിവാര്യം | 1-24 |
| 36 | കുടിവെള്ള പദ്ധതികൾ - ലക്ഷ്യം കണ്ടില്ല | 1-25 |

| | | |
|---|---|---|
| 37 | ആവിഷ്ക്കരിച്ച മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും നടപ്പായില്ല | 1-26 |
| 38 | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു | 1-27 |
| 39 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ആദ്യ ഗഡു കൈപ്പറ്റിയശേഷം നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾ–തുടർ നടപടി അനിവാര്യം | 1-28 |
| 40 | ദുരിതാശ്വാസ നിധി-പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നില്ല | 1-29 |
| 41 | നിർവ്വഹണ ഉദ്യോഗസ്ഥർ റ്റി.ആർ. 7എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല | 1-30 |
| 42 | ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ കാലതാമസം | 1-31 |
| 43 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-32 |
| 44 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -ഹരിതകർമ്മസേനാ പ്രവർത്തനം-അവലോകനം | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്‌മെന്റ് സ്റ്റേറ്റ്‌മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്‌മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11/06/2024 തീയതിയിലെ 4(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 19/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്‌മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട്കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
04/10/2024

## 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്‌മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്‌മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്‌മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 5,46,003 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 49,60,774 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും

പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-2 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽ തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള മുഴുവൻ വരവിനങ്ങളുടെയും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത് ഡിസംബർ മാസമാണ് (ഉദാ. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക).

## 1-1-3 നിക്ഷേപ പ്രവൃത്തികൾ- നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-18: നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല.

നിക്ഷേപ തുകകൾ വിവിധ വർഷങ്ങളിൽ റവന്യൂ ഹെഡിൽ തെറ്റായി ബുക്ക് ചെയ്തിട്ടുള്ളത് ക്രമീകരിച്ചിട്ടില്ല. കൃത്യമായ വിവരങ്ങൾ തയ്യാറാക്കി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-1-4 ലൈഫ് ഭവന പദ്ധതി വായ്പ- നീക്കിയിപ്പ് കൃത്യമല്ല

ഷെഡ്യൂൾ ബി-5: Secured Loan From KURDFC-വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും (97,90,462 രൂപ ) രജിസ്റ്റർ പ്രകാരമുള്ള തുകയും ( 94,81,639 രൂപ) തമ്മിൽ 3,08,823 രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-1-5 ഗുണഭോക്തൃ വിഹിതം- അക്കൗണ്ടിംഗ് കൃത്യമല്ല

Beneficiary Contribution- മുൻ നീക്കിയിരിപ്പ് തുക (Rs. 168111) ക്രമീകരിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തിരികെ നൽകുകയോ ചെയ്തിട്ടില്ല.

## 1-1-6 കാലഹരണപ്പെട്ട നിക്ഷേപ തുകകൾ ഫോർഫീറ്റ് ചെയ്തില്ല

ഷെഡ്യൂൾ ബി-7: Deposits Received- കാലഹരണപ്പെട്ട നിക്ഷേപ തുകകൾ 'ഫോർഫീറ്റ്' ചെയ്ത് റവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല.

## 1-1-7 Prepaid Programme Expenses- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-16: Prepaid Programme Expenses- രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് കൃത്യതയും ആധികാരികതയുമില്ല.

## 1-1-8 Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ I-19: Prior Period Expenditure & Income: രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് ആധികാരിക രേഖകളുടെ പിൻബലമില്ല.

## 1-1-9 Asset തെറ്റായി റവന്യൂ ഹെഡിൽ അക്കൗണ്ട് ചെയ്തു

ഷെഡ്യൂൾ ബി-I-11: Fire Extinguisher വാങ്ങിയത് (Rs.14,750) Asset Head-ൽ ബുക്ക് ചെയ്യേണ്ടതിന് പകരം Other Administrative Head-ൽ ബുക്ക് ചെയ്തു.

## 1-1-10 ആസ്തികൾ തെറ്റായി റവന്യൂ ഹെഡിൽ ഉൾപ്പെടുത്തി

ഷെഡ്യൂൾ ബി-I-14(A)- പൊതു ശ്മശാനത്തിന് ആസ്തിമൂല്യം വർദ്ധിപ്പിക്കുന്ന പ്രവൃത്തി ചെയ്തതിന്റെ ചെലവ് (Rs. 16,76,282) Asset Head (414130107)-ൽ ബുക്ക് ചെയ്യേണ്ടതിന് പകരം റവന്യൂ ഹെഡിൽ (251130301) അക്കൗണ്ട് ചെയ്തു.

## 1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

## 1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 24.03.2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 3674455 രൂപ മുന്നിരിപ്പും 304001400 രൂപ പ്രതീക്ഷിത വരവും 304471900 രൂപ പ്രതീക്ഷിത ചെലവും 3203955 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 24.03.2023

തീയതിയിലും അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക നില

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 11031256 | -- |
| ഓഡിറ്റ് വർഷത്തെ വരവ് | 29933930 | 95055025 |
| ആകെ വരവ് | 40965186 | -- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30479933 | 95733133 |
| നീക്കിയിരിപ്പ് | 10485253 | -- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13676000 | 13676000 | 10660426 | -- | 3015574 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6649000 | 6649000 | 5141035 | -- | 1507965 |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 4122374 | 1698500 | 5820874 | 2027808 | 3793066 | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 915357 | 1132500 | 2178138 | 1086936 | 1091202 | -- |
| | പലിശ | 130281 | | | | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 8334000 | 8334000 | 2212048 | -- | 6121952 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 4012000 | 4012000 | 2087724 | -- | 1924276 |
| **സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ലൈഫ് -സംസ്ഥാനം വിഹിതം | 2621648 | 3100000 | 5721648 | 4440000 | 1281648 | -- |
| ശുചിത്വ മിഷൻ | 473672 | -- | 473672 | -- | 473672 | -- |
| സമ്പൂർണ്ണശുചിത്വം | 17542 | -- | 17542 | -- | 17542 | -- |
| ഐ.സി.ഡി.എസ്. | 1641854 | 706448 | 2348302 | 948030 | 1400272 | -- |
| പൈക്ക | 2091 | 60 | 2151 | -- | 2151 | -- |
| ഹെൽത്ത് ഗ്രാന്റ് | -- | 1268799 | 1268799 | 288161 | 980638 | -- |
| എൻ.എച്ച്.എം. | 500000 | -- | 500000 | 57068 | 442932 | -- |

ജനറൽ പർപ്പസ് ഗ്രാന്റായി തൻവർഷം 9 ഗഡുക്കളിലായി 77,46,300 (860700x9) രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 613132 |
| ,, | അങ്കണവാടി അധിക വേതനം | 788400 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 521159 |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 204 | 109472938 | 108 | 38689702 | 96 | 35.34 |

**വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ**

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 3845300 | 2058796 |
| 2 | വെറ്ററിനറി സർജൻ | 6 | 5 | 1141200 | 1015350 |
| 3 | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 10 | 6 | 3255271 | 1858161 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 4 | 858000 | 857068 |
| 5 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 100000 | 40000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 3 | 2080819 | 465980 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 10 | 45514416 | 15002478 |
| 8 | ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 8 | 4945855 | 2342493 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1500000 | 693198 |
| 10 | സെക്രട്ടറി | 45 | 29 | 6841251 | 5216301 |
| 11 | ഹെഡ്മാസ്റ്റർ | 2 | 2 | 240000 | 237851 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 27 | 36690850 | 6918168 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 2459976 | 1983858 |
| | **ആകെ** | **204** | **108** | **109472938** | **38689702** |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5830 | 2417750 | 2423580 | 2423580 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 14105514 | 14105514 | 14105514 | 0 |
| ആകെ | 5830 | 16523264 | 16529094 | 16529094 | 0 |

ഭരണ ചെലവുകളുടെ വരവ് ചെലവ് കണക്കിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച അഡ്വാൻസും ആയതിന്റെ റീഇപ്‌മെന്റും ഉൾപ്പെടുന്നു.

## 1-7 ക്ഷേമപദ്ധതികൾ

2023-24 വർഷം ഗ്രാമപ്പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1835200 | 141 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 6022500 | 562 |
| വാർദ്ധക്യകാല പെൻഷൻ | 15452400 | 1428 |
| ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1977600 | 174 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 203200 | 20 |
| തൊഴിൽ രഹിത വേതനം | 2880 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2024 4 P.M-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ **7,822** (ഏഴായിരത്തി എണ്ണൂറ്റി എൺപത്തിരണ്ട് രൂപാ മാത്രം) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജിച്ച് നൽകുകയും കൃത്യമായ ഇടവേളകളിൽ മേലുദ്യോഗസ്ഥർ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. പരാതി രജിസ്റ്റർ, ക്യാഷ് ഡിക്ളറേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനവും തൃപ്തികരമാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ ചർച്ചകൾ, തീരുമാനങ്ങൾ എന്നിവയുടെ വിവരം മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്താൻ സാധിച്ചിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സമ്പൂർണ്ണമായ ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ല. ഇത് നികുതി, ഫീസ് എന്നീ ഇനങ്ങളിലുള്ള വരവ് കുറയുന്നതിനു കാരണമാകുന്നു. രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.
സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല. ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2018 മുതൽ 28.02.2018 വരെ | 2012 -13 മുതൽ 2016 -17 വരെ | 11.04.2018 |
| പെർഫോമൻസ് ഓഡിറ്റ് | 09.03.2022 മുതൽ 11.03.2022 വരെ | 04/2021 മുതൽ 12/2021 വരെ | 10.10.2022 |

## 1-11 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്തില്ല

പഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.
വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള ചില കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു</u>
വസ്തുനികുതി കുടിശ്ശികയാക്കിയിട്ടുള്ള സർക്കാർ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് വിവരം | കുടിശ്ശിക തുക |
|---|---|---|---|
| 1 | 12/153,154,155, | അസി.ഡയറക്ടർ | 17888 |

| | | | |
|---|---|---|---|
| | 155 C, 155 D, 156 | ഫിഷ് സീഡ് ഫാം,കവിയൂർ | |
| 2 | 11/110, 112 To 115 | അസി.എഞ്ചിനീയർ<br>കേരള വാട്ടർ അതോറിറ്റി, പി.എച്ച്. സെക്ഷൻ തിരുവല്ല | 3306 |
| 3 | 7/18 | തഹസീൽദാർ, വില്ലേജ് ഓഫീസ്, കവിയൂർ | 2766 |

2. ഗാർഹിക/ഗാർഹികേതര വസ്തുനികുതി ഇനത്തിൽ ഗണ്യമായ തുക കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് വിവരം | കുടിശ്ശിക തുക |
|---|---|---|---|
| 1 | 12/185 | സബ് ഗ്രൂപ്പ് ഓഫീസർ,<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് | 193928 |
| 2 | 12/185/A | സബ് ഗ്രൂപ്പ് ഓഫീസർ,<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് | 52411 |
| 3 | 12/186 | സബ് ഗ്രൂപ്പ് ഓഫീസർ,<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് | 10343 |
| 4 | 12/186/A To F | സബ് ഗ്രൂപ്പ് ഓഫീസർ,<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് | 62058 |
| 5 | 13/141/A | ടെസ്സി അജി<br>ആറ്റുങ്കൽ ആർക്കേഡ്, ആഞ്ഞിലിത്താനം | 86658 |
| 6 | 13/141/B | ടെസ്സി അജി<br>ആറ്റുങ്കൽ ആർക്കേഡ്, ആഞ്ഞിലിത്താനം | 58930 |
| 7 | 11/76/B | ജോൺ കിണറ്റുകര രാജൻ<br>സ്റ്റോപ്&ടേസ്റ്റ് ബേക്കേഴ്സ് | 91478 |
| 8 | 10/161/F3& 161/Cl | ഏലിയാമ്മ, മറിയാമ്മ<br>മുഞ്ഞനാട്ട്, തോട്ടഭാഗം | 12583 |
| 9 | 12/187 | സബ് ഗ്രൂപ്പ് ഓഫീസർ,<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് | 37008 |
| 10 | 12/188 | സബ് ഗ്രൂപ്പ് ഓഫീസർ,<br>തിരുവിതാംകൂർ ദേവസ്വം ബോർഡ് | 4741 |
| 11 | 11/135/A | രാധാമണിയമ്മ കൂടത്തിൽ, തോട്ടഭാഗം | 6003 |
| 12 | 4/256/A | സി.എം.തോമസ്<br>ചക്കാലയിൽ, കവിയൂർ | 5905 |
| 13 | 5/137/A | മാത്യു തോമസ്<br>എബനേസർ ഉഌംകുഴിയിൽ, കോട്ടൂർ | 3441 |
| 14 | 7/259/B | സാം സാമുവൽ<br>അടിച്ചിത്രവീട്ടിൽ, കവിയൂർ | 8127 |
| 15 | 9/71 | ബാബു ചാക്കോ<br>കുലിപ്പുരക്കൽ,തോട്ടഭാഗം | 7741 |
| 16 | 14/191 | സോമനാഥൻ<br>വാഴനക്കുന്നിൽ ഇളവിനാൽ | 4547 |
| 17 | 10/302,303 | മാത്യു ഈപ്പൻ<br>ആവുങ്ങാട്ടിൽ കളത്തിൽ, കവിയൂർ | 2877 |

| | | | |
|---|---|---|---|
| 18 | 10/27 D5 | ബാലചന്ദ്രൻ പിള്ള<br>സരസ്വതി വിലാസം, കവിയൂർ | 2974 |

വസ്തു നികുതി കുടിശ്ശിക, പിഴപലിശ ഉൾപ്പെടെ ഈടാക്കുന്നതിന് റവന്യ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയമപരമായ ചുമതലകളും ദൈനംദിന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് തനത് ഫണ്ട് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്ന വിഷയത്തിൽ ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - പിരിവ് കാര്യക്ഷമമല്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ രണ്ടാമത്തെ പ്രധാനവരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 263 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്.

സാമ്പത്തിക വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധവർഷ റിട്ടേണുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2023-24 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഗ്രാവിളയിൽ ഹോളോ ബ്രിക്സ്, തോട്ടഭാഗം | 8 |
| 2 | സ്മാർട്ട് കെയർ സൊല്യൂഷൻസ്, കവിയൂർ | 5 |
| 3 | ഹിഡോക്ക് ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡ് | 5 |
| 4 | ഗ്രീൻ പാർക്ക് റെസ്റ്റോറന്റ്, തോട്ടഭാഗം | 5 |
| 5 | സപ്ലൈകോ സൂപ്പർമാർക്കറ്റ്, കവിയൂർ | 4 |
| 6 | മുരിങ്ങൂർ തോട്ടത്തിൽ സിമന്റ്സ്, കവിയൂർ | 4 |
| 7 | ഭാരതി സിമന്റ്സ്, കവിയൂർ | 4 |
| 8 | ഗ്രേസ് കേറ്ററിംഗ്, മുണ്ടിയപ്പള്ളി | 4 |
| 9 | മാഗ്നം വർക്സ്, കവിയൂർ | 3 |
| 10 | ഫോർ സ്റ്റാർ കേറ്ററിംഗ് സർവ്വീസ് | 4 |
| 11 | തണൽ ഹോംലി ഫുഡ്സ്, കവിയൂർ | 4 |

| | | |
|---|---|---|
| 12 | ശബരി ആഗ്രോ ഫുഡ് പ്രോഡക്ട്സ്, കവിയൂർ | 4 |

2. ഗ്രാമപഞ്ചായത്തിലെ ലൈബ്രറിയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ലൈബ്രേറിയനിൽ നിന്നും
തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. കവിയൂർ സർവ്വീസ് കോ -ഓപ്പറേറ്റീവ് ബാങ്കിന്റെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

4. ചുവടെ ചേർക്കുന്ന പൊതുമരാമത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1. മോൺസൺ ഐസക്

2. സനിൽ കുമാർ

3. ജോൺ സി

4. വർഗ്ഗീസ് ജോർജ്ജ്

5 അജു കെ.എ

6. സുനിൽ എം.ജി

7. രാജീവ് കുമാർ പി.ആർ

8. മാത്യൂ കെ.ചാക്കോ

9. രവീന്ദ്രനാഥൻ പിള്ള കെ..കെ

10. ജിതിൻ വർഗ്ഗീസ്

11. ഒ.എം.മാത്യൂ

12. ജോസഫ് കെ.എം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/24.08.2024) മറുപടിയായി കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. തുക ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം പഞ്ചായത്തിലെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തി, തൊഴിൽനികുതി ഈടാക്കേണ്ടതും, വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്. പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-13 വാടക -കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ, ചില കടമുറികളിൽ നിന്ന് വാടക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. താഴെപ്പറയുന്ന കടമുറികൾ വാടകയ്ക്കെടുത്ത വ്യക്തികളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശികയുടെ (റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതിന്റെ വിവരം ഉൾപ്പെടെ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരുടെ പേര് | കെട്ടിട നം | കുടിശ്ശിക കാലയളവ് | വാടക കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1 | സുഭാഷ് കുമാർ | X/170 | 2022-23&2023-24 | 18876<br>(റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്) |
| 2 | മനോജ് കെ.എ | VII/410 | 2022-23&2023-24 | 30288<br>(റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്) |
| 3 | അനീഷ് എം.എസ് | VII/413 | 2022-23&2023-24 | 26652<br>(റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്) |
| 4 | മനോജ് കെ.എ | VII/415 | 2022-23&2023-24 | 22512 |

| | | | | |
|---|---|---|---|---|
| | | | | (റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്) |
| | **ആകെ** | | | **98328** |

കടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 263 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ലിസ്റ്റ് അപൂർണ്ണമാണ്.

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ പോർട്ടലിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 662 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 94 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 45 |
| വ്യവസായത്തിനാവശ്യമായ കൈത്തറി ഷെഡ്/ കയർപിരി ഷെഡ് | 13 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 34 |
| ആകെ | 848 |

ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ പോർട്ടലിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളെ യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നില്ല.

ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മിക്ക ലൈസൻസ് അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. ഉദാ. ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം/സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | 3/295 വിന്റേജ് ഡിസ്ട്രിബ്യൂഷൻസ്,കവിയൂർ |
| 2 | 10/25 സത്യം പബ്ലിക്കേഷൻസ് ,തോട്ടഭാഗം |
| 3 | 7/334C കെൻസ് ഡെന്റൽ കെയർ,കവിയൂർ |
| 4 | 7/354 ഐ ലുക്ക് ഒപ്റ്റിക്കൽസ്,കവിയൂർ |
| 5 | 10/386 അൾട്രാടെക്ക് സിമെന്റ്സ്,കവിയൂർ |
| 6 | 5/273 വി-ടെക്ക് അലൂമിനിയം,കോട്ടൂർ |
| 7 | 9/48/B കിച്ചൂസ് ആംടെക്ക് സ്റ്റീൽ &അലൂമിനിയം |
| 8 | 8/91,92 പാറയിൽ ഇലക്ട്രിക്കൽസ് |
| 9 | 10/370 ഒലിവ് ഡയഗണോസ്റ്റിക് സെന്റർ,കവിയൂർ |
| 10 | 9/270 B,C അക്വാവെൽനസ്സ്,തോട്ടഭാഗം |

| | |
|---|---|
| 11 | 10/162/M ഡെ ടു ഡെ മാർട്ട് ,തോട്ടഭാഗം |
| 12 | 8/109 ശാന്തിനികേതൻ ആര്യവൈദ്യശാല,കവിയൂർ |
| 13 | 14/1 സെന്റ് മേരീസ് കേറ്ററിംഗ് സർവ്വീസസ്,കവിയൂർ |
| 14 | 11/322 എസ്.ആർ ബേക്കേഴ്സ് &മിനി മാർട്ട്,കവിയൂർ |
| 15 | 4/369/A മുരിങ്ങൂർ തോട്ടത്തിൽ സിമെന്റ്,കവിയൂർ |

ലൈസൻസിനുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സഞ്ചയ പോർട്ടൽ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിലും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ലൈസൻസ് പരിധിയിൽ വരുന്നതുമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചിട്ടില്ല

സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി-22.3.2023 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കേണ്ടതുമാണ്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ, ഐ.ടി.ഐ. യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതും ഒരു കെട്ടിട നമ്പരിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതുമാണ്. 06.06.2024-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.12 തീരുമാന പ്രകാരം വസ്തു നികുതി പരിഷ്കരണത്തിന് ഫീൽഡ് തല പരിശോധനയ്ക്കായി വേതനം പുതുക്കി നല്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്. സ.ഉ.(കൈ) നം .77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-ന് മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കി വസ്തു നികുതി സഞ്ചയയിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം-17/29.08.2024) നല്കിയിരുന്നു. മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ലെന്നും, സഞ്ചയയിൽ നികുതി പരിഷ്കരിച്ചിട്ടില്ലെന്നും, വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി 20.04.2023, 06.12.2023, 31.07.2024 തീയതികളിലെ നോട്ടീസ് പ്രകാരം പത്ര പരസ്യം നൽകിയെങ്കിലും നാളിതു വരെ രണ്ടു പേരെ മാത്രമേ ലഭ്യമായിട്ടുള്ളുവെന്നും 7, 11 വാർഡുകളിൽ വിവര ശേഖരണം ആരംഭിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നിമിത്തം നികുതി ഇനത്തിൽ നഷ്ടമുണ്ടായത് ഒഴിവാക്കി വരുമാനവർദ്ധനവ് നേടാനാവുന്നതാണ്. തുടർ നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 സിവിൽ നിക്ഷേപങ്ങൾ-കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1, അനുച്ഛേദം 282 പ്രകാരം, മൂന്ന് വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യത കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, സപ്ലയേഴ്സ്, എന്നിവരിൽ നിന്നുള്ള നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നീ ഇനങ്ങളിലായി 31-03-2021-ന് മുമ്പ് ലഭിച്ചിട്ടുള്ളതും വാർഷിക കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബാലൻസ്ഷീറ്റ് പ്രകാരമുള്ള തുക (31-03-2024) | കാലഹരണപ്പെട്ടത് |
|---|---|---|
| Contractors' Earnest Money Deposit | 25377 | 17247 |
| Suppliers' Earnest Money Deposit | 46572 | 16332 |
| Bidder's Earnest Money Deposit | 58634 | 29460 |
| Contractors' Security Deposit | 26061 | 21921 |
| Suppliers' Security Deposit | 30165 | 25500 |
| Election Deposit | 31000 | 31000 |
| Water Connection-Deposit | 52250 | 52250 |
| Other Deposits | 389991 | 226270 |
| Auction Deposit | 58400 | 57800 |
| Deposit Received From Others | 3000 | 3000 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ച് നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ച് നൽകേണ്ടതും 144(4) പ്രകാരം തിരിച്ച് നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. 31.03.2024-ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 31000 രൂപ അവശേഷിക്കുന്നുണ്ട്.

കാലഹരണപ്പെട്ട നിക്ഷേപം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയിൽ നിന്നും ഒഴിവാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം.12/27-08-2024) മറുപടിയായി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09-08-2024-ലെ 2-ാം നമ്പർ തീരുമാന പ്രകാരം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 അസിസ്റ്റന്റ് എഞ്ചിനിയറുടെ ഇ-ടെണ്ടർ അക്കൗണ്ടിലെ തുക കൈമാറിയില്ല

ഈ-ടെണ്ടർ നടപടികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. കവിയൂർ ശാഖയിൽ 07-01-2019-ൽ ആരംഭിച്ച അക്കൗണ്ടിൽ (നം. 38173735141) 31-08-2024-ൽ 79,045 രൂപ നീക്കിയിരിപ്പുണ്ട്. ഈ-ടെണ്ടർ ആവശ്യങ്ങൾക്കായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും നിലവിലും ടെണ്ടർ ഫോറവില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് പോകുന്നത്. അസി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആകുന്നത് സംബന്ധിച്ച് മറുപടി ഓഡിറ്റിൽ ലഭ്യമാക്കുകയുണ്ടായില്ല. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (നം. 10/27-08-2024) 2022-23 വർഷത്തെ ഇ-ടെണ്ടർ ഫീയായി ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച 1,09,245 രൂപ 29-08-2024-ൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറി. 2023-24 വർഷം നടത്തിയ ഈ-ടെണ്ടർ ഫീയും ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിക്കാനുണ്ട്. ബാങ്കിന്റെ പാസ്സ് ബുക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും മുൻ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. ബാലൻസ് തുകയുടെ കൃത്യമായ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതും ടെണ്ടർ ഫോറവിലയിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അവശേഷിക്കുന്ന തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതുമാണ്.

## 1-18 ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ഗ്രാമപഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെട്ടു

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച വികസനഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റ് എന്നിവ പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ (80% മുകളിൽ) ഷോർട്ട് ഫോൾ ഇനത്തിൽ ഗണ്യമായ തുക നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 13676000 | 10660426 | 78 | 2735200 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 6649000 | 5141035 | 77.32 | 1329800 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 8334000 | 2212048 | 26.54 | 1666800 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 4012000 | 2087724 | 52 | 802400 |

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി-ഓവർ ചെയ്ത് ലഭ്യമാകുന്നത്. വിനിയോഗ ശതമാനം 80 ശതമാനത്തിൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഇപ്രകാരമുള്ള ഷോർട്ട്ഫോൾ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്.

സംരക്ഷണ ഗ്രാന്റ് റോഡ്, റോഡിതര വിഭാഗങ്ങളിൽ ചെലവ് യഥാക്രമം 26.54%, 52% ആണ്. ആകെ 2,41,787 രൂപ മാത്രമാണ് ചെലവ് (2.72%). നിലവിലെ സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷം ഷോർട്ട് ഫോളിനത്തിൽ വൻ തുക നഷ്ടപ്പെടുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കാതെ വരികയും ചെയ്യും.

ബജറ്റ് വിഹിതം സർക്കാർ പൂർണ്ണമായും അനുവദിക്കാത്തതിനാലും അനുവദിക്കപ്പെട്ട വിഹിതത്തിന്റെ അടിസ്ഥാനത്തിൽ നിർവഹണം നടത്തി തയ്യാറാക്കിയ വിവിധ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് മാറി ലഭിക്കാത്തതിനാലും ഗ്രാമപഞ്ചായത്തിന് ഭീമമായ ഫണ്ട് നഷ്ടവും ഷോർട്ട് ഫാളും ഉണ്ടാകുവാനിടയായ വിഷയം പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത വിഷയം സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരാനുള്ള അടിയന്തിര നടപടികൾ ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്. പദ്ധതിച്ചെലവിലുണ്ടാകുന്ന കുറവ് തുടർവർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ അടിയന്തിര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-19 കേന്ദ്ര വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

2023-24 വർഷം ഐ.സി.ഡി.എസ്. പദ്ധതികൾക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ വരവുചെലവുകണക്കുകൾ ചുവടെ ചേർക്കുന്നു. 31.03.2024-ൽ ഈ അക്കൗണ്ടിൽ ₹ 14,00,272 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2023-24 | 1641854 | 706448 | 2348302 | 948030 | 1400272 |

പ്രത്യേക അക്കൗണ്ട് പരിപാലിക്കാത്തതിനാൽ ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ തുക വകമാറ്റി ചെലവഴിക്കാനുള്ള സാദ്ധ്യത നിലനിൽക്കുന്നു. കേന്ദ്രവിഹിതത്തിൽ അവശേഷിക്കുന്ന തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. ഈ വിഷയത്തിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ [സ.ഉ(കൈ) നം 84/2022/ തസ്വഭവ തീയതി 19/04/2022] ഖണ്ഡിക 14-ൽ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിന്റെ ആവശ്യകത, നടപടിക്രമങ്ങൾ എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ഘട്ടത്തിലും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോണിട്ടറിംഗ് കമ്മിറ്റിയ്ക്കു അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥനു നൽകാവുന്നതുമാണ്. എന്നാൽ 2023-24-ൽ നടപ്പിലാക്കിയ പദ്ധതികളുടെ കാര്യത്തിൽ മേൽ പരാമർശിച്ചു പ്രകാരമുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. പദ്ധതികൾ ലക്ഷ്യം കൈവരിച്ചു സംബന്ധിച്ച് പ്രാദേശിക തലത്തിൽ വിലയിരുത്തൽ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-21 യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ നം | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി |
|---|---|---|---|---|
| 1 | 14 | 18.04.2023 | 14.07.2023 | 14.07.2023 |
| 2 | 15 | 28.04.2023 | 14.08.2023 | 14.08.2023 |
| 3 | 17 | 16.05.2023 | 19.08.2023 | 19.08.2023 |
| 4 | 19 | 19.06.2023 | 30.09.2023 | 30.09.2023 |
| 5 | 21 | 24.07.2023 | 22.11.2023 | 22.11.2023 |
| 6 | 24 | 24.08.2023 | 19.01.2024 | 19.01.2024 |
| 7 | 25 | 23.09.2023 | 07.02.2024 | 07.02.2024 |
| 8 | 27 | 25.10.2023 | 06.03.2024 | 06.03.2024 |
| 9 | 30 | 25.11.2023 | 07.02.2024 | 07.02.2024 |
| 10 | 33 | 22.12.2023 | 24.02.2024 | 24.02.2024 |
| 11 | 1 | 08.01.2024 | 23.05.2024 | 23.05.2024 |
| 12 | 2 | 16.01.2024 | 23.03.2024 | 23.05.2024 |
| 13 | 5 | 02.02.2024 | 23.05.2024 | 23.05.2024 |
| 14 | 9 | 17.02.2024 | 23.05.2024 | 23.05.2024 |
| 15 | 12 | 11.03.2024 | 23.05.2024 | 23.05.2024 |

ചുവടെ ചേർക്കുന്ന തീയതികളിലെ മിനിട്സ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | യോഗം നടന്ന തീയതി | യോഗം നമ്പർ |
|---|---|---|
| 1 | 11.06.2024 | 18 |
| 2 | 10.07.2024 | 19 |
| 3 | 25.07.2024 | 20 |

നടപടിക്രമങ്ങളിൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം.3/22.08.24) മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല

2023-24 സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ **"പുന്നിലം കോളനി റോഡ് കോൺക്രീറ്റിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം (S0230/24)"** എന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന്, കരാറിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത നിരക്കിൽ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ബില്ലിൽ നിന്നും ഫൈൻ ഈടാക്കിയില്ല. ആയത് കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതികളുടെ വിശദാംശങ്ങൾ | പിഴ ഈടാക്കേണ്ട കാലയളവ് | തുക |
|---|---|---|
| പുന്നിലം കോളനി റോഡ് | പിഴയില്ലാതെ പ്രവൃത്തി | ഇല്ല |

| | | |
|---|---|---|
| കോൺക്രീറ്റിംഗ് സംരക്ഷണ ഭിത്തി നിർമ്മാണം (S0230/24)<br>അടങ്കൽ : Rs. 286145-തനത് ഫണ്ട്<br>കരാറുകാരൻ: ലിജോ സാം വർഗ്ഗീസ്<br>എഗ്രിമെന്റ് നം.20/AE/LSGD/KVR /22-23, 13-12-2022<br>PAC-242496+18% GST<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി: 22-06-2023<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി: 19-03-2024<br>ചെലവ് തുക: Rs. 261825<br>ബിൽ നം., തീയതി<br>661, 24-03-2024 | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി<br>(കരാർ കാലയളവിന്റെ 20% അധിക സമയം- 31-07-2023 വരെ) | |
| | 01-08-2023 മുതൽ 31-10-2023 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 1%) | 2425 |
| | 01-11-2023 മുതൽ 31-01-2024 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 4850 |
| | 01-02-2024 മുതൽ 19-03-2024 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (48 ദിവസം, കരാർ തുകയുടെ 2%) | 2585 |
| **ആകെ ഈടാക്കേണ്ട ഫൈൻ**<br>**ഈടാക്കിയത്** | | **9860**<br>**ഇല്ല** |

ഫൈൻ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.4/24-08-2024). തുക ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 9860 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 ഭവന പുനരുദ്ധാരണം-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഭവന പുനരുദ്ധാരണം (ജനറൽ), ഭവന പുനരുദ്ധാരണം (പട്ടികജാതി) എന്നീ പദ്ധതികളിൽ ആദ്യ ഗഡു കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതു വരെ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി, സ്വീകരിച്ച തുടർ നടപടികൾ എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1) ഭവന പുനരുദ്ധാരണം ജനറൽ (പ്രോജക്ട് നം: 112/24)

ഒരു ഗുണഭോക്താവിനു വകയിരുത്തിയിട്ടുള്ള തുക 50000

| ക്രമ നമ്പർ | പേര്/വിലാസം | വാർഡ് നം. | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രകാശ് കെ ബി<br>തുമ്പുങ്കൽ ലക്ഷം വീട് | 6 | 25000 | നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു |
| 2 | ഷെർലി വിജയകുമാർപള്ളത്തിൽ വീട് | 9 | 25000 | നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു |
| 3 | ശാന്തമ്മ കാവിൽ | 2 | 25000 | നിർമ്മാണം പൂർത്തീകരിച്ചു. അവസാന ഗഡു നൽകാനുണ്ട്. |
| 4 | തങ്കമണിയമ്മ കരിമറമൂട്ടിൽ | 2 | 25000 | നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു |

2) ഭവന പുനരുദ്ധാരണം പട്ടിക ജാതി (പ്രോജക്ട് നം: 121/24)

ഒരു ഗുണഭോക്താവിനു വകയിരുത്തിയിട്ടുള്ള തുക 75000

| ക്രമ നമ്പർ | പേര്/വിലാസം | വാർഡ് നം. | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ലളിത വിജയൻ കസ്തൂരിൽകുന്നിൽ | 3 | 37500 | നിർമ്മാണം പൂർത്തീകരിക്കുന്നതിനു നോട്ടീസ് നൽകി |
| 2 | വിജയമ്മ രാജപ്പൻ നിരപ്പുകാലയിൽ | 6 | 37500 | നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു |
| 3 | ഗിരിജാദേവി എ കെ അർച്ചന ഭവൻ | 2 | 37500 | പണി പൂർത്തീകരിച്ചു. അവസാന ഗഡു നൽകാനുണ്ട് |
| 4 | ചെല്ലമ്മ ഇടനാട്ടുകടവിൽ | 7 | 37500 | നിർമ്മാണം പൂർത്തീകരിക്കുന്നതിനു നോട്ടീസ് നൽകി |
| 5 | ഭാസ്കരൻ കെ എം കാഞ്ഞിരം നിൽക്കും പുരയിടം | 4 | 37500 | നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും, നിർമ്മാണം പൂർത്തീകരിച്ചവർക്കു അവസാന ഗഡു നൽകുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല- തുടർച്ചയായ നിരീക്ഷണം അനിവാര്യം

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിക്കുന്നുണ്ടെങ്കിലും, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിൽ നിർവ്വഹണ ഏജൻസികൾ സമയ ക്ലിപ്തത പാലിക്കുന്നില്ല. 2023-24 വർഷം തുക നിക്ഷേപിച്ചതിൽ ഒരു പ്രവൃത്തിയുടെ മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ നിക്ഷേപ പ്രവത്തികൾക്കായി വിവിധ ഏജൻസികളിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | വർഷം | ഏജൻസി | തുക (₹) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് (₹) | തിരികെ ലഭിക്കാനുള്ള തുക (₹) |
|---|---|---|---|---|---|---|
| 1 | തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ (S0168/20) | 2019-20 | KWA | 1025000 | ഇല്ല | |
| 2 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ (S0094/21) | 2020-21 | KSEB | 400000 | ഇല്ല | |
| 3 | ജലജീവൻ മിഷൻ (S0241/21) | ,, | JJM | 1000000 | ഇല്ല | |
| 4 | ജലജീവൻ മിഷൻ (S0013/22) | 2021-22 | ,, | 1594000 | ഇല്ല | |
| 5 | മത്തിമല – കടുകുളാംപാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ (S0177/22) | ,, | KWA | 1000000 | ഇല്ല | |
| 6 | മത്തിമല -കടുകളാംപാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ (S0112/23) | 2022-23 | ,, | 2651150 | ഇല്ല | |

| | | | | | | |
|---|---|---|---|---|---|---|
| 7 | അയ്യനാകുഴി - ഇഞ്ചത്തടി കോളനികളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ (S0167/23) | ,, | KSEB | 29500 | ഇല്ല | |
| 8 | ഐരാർപാടം പോസ്റ്റ് സ്ഥാപിക്കൽ (S0078/23) | ,, | KSEB | 29399 | ഇല്ല | |
| 9 | മത്തിമല കടുവിളാംപാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ-അധിക വിഹിതം നൽകൽ (S0214/24) | 2023-24 | KWA | 748850 | ഇല്ല | |
| 10 | 10- ാം നം. അങ്കണവാടിക്ക് കുഴൽക്കിണർ (S0248/24) | ,, | GWA | 108000 | 49665 | 58335 |
| 11 | മുട്ടത്തുപാറ പൊതു ശ്മശാന കെട്ടിടത്തിലേക്ക് വൈദ്യുതികണക്ഷൻ എടുക്കൽ (S0263/24) | ,, | KSEB | 17218 | ഇല്ല | |
| 12 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S0282/24) | ,, | KSEB | 32754 | ഇല്ല | |
| 13 | ഐരാർപാടശേഖരത്തിന് ഇലക്ട്രിക് കണക്ഷൻ (S0210/24) | ,, | KSEB | 82139 | ഇല്ല | |

നിർവ്വഹണ ഏജൻസികളിൽ ഒടുക്കിയ തുകയിൽ, വിനിയോഗ സാക്ഷ്യപത്രം പ്രകാരം ലഭിക്കാനുള്ള തുക തിരികെ ഈടാക്കേണ്ടതും നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-25 കുടിവെള്ള പദ്ധതികൾ - ലക്ഷ്യം കണ്ടില്ല

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഭൂജല വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവ മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തികൾ ആവിഷ്കരിച്ചിരുന്നു. പദ്ധതികളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) **പത്താം നമ്പർ അങ്കണവാടിക്ക് കുഴൽകിണർ** (പ്രോജക്ട് നം: 248/24)

അടങ്കൽ 108000 ( കേന്ദ്രാവിഷ്കൃത ഫണ്ട് )
ചെലവ് 108000 ( ചെക്ക് നം 0494946 / 26-12-23)

10ാം നമ്പർ അങ്കണവാടിക്ക് കുഴൽകിണർ നിർമ്മിക്കാനുള്ള ഈ പദ്ധതി ഭൂജല വകുപ്പ് മുഖേനയാണ് നടപ്പിലാക്കിയത്. പദ്ധതിയുടെ നടത്തിപ്പിലേക്കായി സ്ഥല പരിശോധനാ റിപ്പോർട്ട്, ഫീസിബിലിറ്റി സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് 04.08.2023-ൽ ഭൂജല വകുപ്പിനു കത്തു നൽകുകയും, ഭൂജല വകുപ്പിന്റെ നിർദ്ദേശ പ്രകാരം 1,935 രൂപ 18.08.2023-ൽ സർവ്വേ ഫീസ് ഇനത്തിൽ ഒടുക്കിയിട്ടുള്ളതുമാണ്. സ്ഥല പരിശോധനാ റിപ്പോർട്ട്, ഫീസിബിലിറ്റി സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. തുടർന്ന് ഭൂജല വകുപ്പ് പത്തനംതിട്ട ജില്ലാ ഓഫീസറുടെ 06.10.2023-ലെ GWD/1356/2023/PTA കത്ത് മുഖേന കുഴൽ കിണറിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുകയായ 1,08,000 രൂപ ഭൂജല വകുപ്പിനു കൈമാറിയിട്ടുള്ളതുമാണ്.

08.08.2024-ലെ GWD/1356/2023/PTA നമ്പർ കത്ത് മുഖേന ഭൂജല വകുപ്പ് പദ്ധതിയുടെ ധനവിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പൂർത്തീകരണ റിപ്പോർട്ട് പ്രകാരം 100 മീറ്റർ ആഴവും, 110 മില്ലി മീറ്റർ വ്യാസവുമുള്ള കുഴൽ കിണർ നിർമ്മിച്ചിട്ടുള്ളതും, കുഴൽ കിണറിൽ ജല ലഭ്യത ഇല്ലാത്തതുമാണ്. 11.03.2024 മുതൽ 13.03.2024 വരെയാണ് കുഴൽ കിണറിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. ജല ലഭ്യത ഇല്ലാത്തതിനാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഹാൻഡ് പമ്പ് ഉൾപ്പെടെയുള്ള ഇനങ്ങൾ ഒഴിവാക്കി 58,335 രൂപ പഞ്ചായത്തിനു തിരികെ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ അങ്കണവാടി പരിശോധിച്ചപ്പോൾ കുഴൽ കിണറിൽ ജല ലഭ്യത ഉള്ളതായി അറിയാൻ സാധിച്ചു. ഹാൻഡ് പമ്പ് ഉൾപ്പെടെയുള്ള സംവിധാനം ഇല്ലാത്തതിനാൽ കുഴൽ കിണർ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. കുഴൽകിണർ ഒരു നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു.

**2) മത്തിമല കടുവിളാംപാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ അധിക വിഹിതം നൽകൽ**

(പ്രോജക്ട് നം: 214 /14 )

അടങ്കൽ : 748850 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ് 748850

മത്തിമല കടുവിളാംപാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്കായി 2021-22 മുതൽ 2023-24 വരെ 44 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| തുക | നിക്ഷേപിച്ച തീയതി |
|---|---|
| 10,00,000 | 30.03.2022 |
| 15,00,000 | 18.03.2023 |
| 11,51,150 | 20.03.2023 |
| 7,48,850 | 09.08.2023 |

പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനുള്ള ഇനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വാട്ടർ ടാങ്ക് നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനു കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനായി, പദ്ധതി മേഖലയായ ആറാം വാർഡിലെ മത്തിമലയിൽ ജനകീയ സമിതി 7 സെന്റ് സ്ഥലം വാങ്ങി നൽകിയിട്ടുള്ളതാണ്. വാട്ടർ ടാങ്ക് നിർമ്മാണം ഒഴിവാക്കി പൈപ്പ് ലൈൻ സ്ഥാപിക്കൽ മാത്രമായിട്ടാണ് നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല. 2021-22 മുതൽ 2023-24 വരെ 44 ലക്ഷം രൂപ പദ്ധതിയ്ക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചുവെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല.

മേൽ പരാമർശിച്ച വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിനും, പദ്ധതിയുടെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യുന്നതിനും ഓഡിറ്റ് എൻക്വയറി നം.18/29.08.2024 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ആവിഷ്ക്കരിച്ച മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും നടപ്പായില്ല

2023-24 വർഷം 31 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 92 പ്രോജക്ടുകളുടെ നിർവ്വഹണചുമതല അസിസ്റ്റന്റ് എഞ്ചിനിയറെ ഏൽപ്പിച്ചിരുന്നു. ഭാഗികമായി നിർവ്വഹിച്ചത് ഉൾപ്പെടെ 27 പ്രോജക്ടുകൾക്കാണ് തൻവർഷം തുക ചെലവഴിച്ചത്. 14 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പടെ 65 പ്രോജക്ടുകൾക്കായി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 3,66,90,850 രൂപ വകയിരുത്തിയതിൽ 69,18,168 രൂപ മാത്രമാണ് ചെലവഴിക്കാനായത് (ചെലവു ശതമാനം 18.85%). റോഡ് പുനരുദ്ധാരണ പ്രോജക്ടുകൾ പൂർണ്ണതോതിൽ നടപ്പാക്കാഞ്ഞതിനാൽ മെയിന്റനൻസ് ഗ്രാന്റ്-റോഡിനത്തിൽ മാത്രം 61,21,952 രൂപ ചെലവഴിക്കാൻ സാധിക്കാതെപോയി. റോഡിതര വിഭാഗത്തിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച അങ്കണവാടി കെട്ടിടങ്ങൾ, സ്കൂളുകളുടെ അറ്റകുറ്റപ്പണി, എഫ്.എച്ച്.സി. കെട്ടിടം അറ്റകുറ്റപ്പണി എന്നീ പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കി തുക ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല.

പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാഞ്ഞത് മൂലം തൻവർഷത്തെ വികസന പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തേണ്ട ഗ്രാന്റുകൾ നഷ്ടമാകാനിടയായതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷക്കുറിപ്പിന് (08/27-08-2024), പ്രോജക്ടുകൾ സമയബന്ധിതമായി ടെണ്ടർ ചെയ്യെങ്കിലും സംസ്ഥാന വ്യാപകമായി മുൻവർഷങ്ങളിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ മാറാത്ത സാഹചര്യത്തിൽ കരാറുകാർ ടെണ്ടർ നടപടികളിൽ നിന്ന് വിട്ട് നിൽക്കുകയും, പ്രവർത്തികൾ റീ-ടെണ്ടർ, ക്വട്ടേഷൻ, റീക്വട്ടേഷൻ എന്നി വീണ്ടും വീണ്ടും വടത്തേണ്ട സാഹചര്യം ഉണ്ടായതായും അറിയിച്ചു. കൂടാതെ സാമ്പത്തിക പ്രതിസന്ധി കാരണം പൂർത്തിയാക്കി സമർപ്പിച്ച 11 പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ നിന്നും മാറിയെടുക്കാൻ സാധിക്കാതെ "ക്യു" ആകുകയും ചെയ്തു എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റ് 80% ചെലവഴിച്ചെങ്കിൽ മാത്രമെ 20% തുക സ്പിൽഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ക്യാരി ഓവർ വിഹിതമായി ലഭിക്കുകയുള്ളൂ.

പ്രോജക്ട് മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മോണിട്ടറിംഗ് അഭിവാജ്യമായ ഘടകമാണ്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി മോണിറ്ററിംഗ് നടത്തി മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

## 1-27 മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നുവാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് ചുവടെ ചേർക്കുന്നതു പ്രകാരമുള്ള തുകയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.

| പ്രോജക്ട് നം./പേര് | ബിൽ നം./തീയതി | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയ തുക | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്ന് (തുക ) |
|---|---|---|---|
| 28/24 FHC-യ്ക്ക് മരുന്നുവാങ്ങൽ | 23050752009200698552/ 31.10.2023 | 239260 | 202380 |
| 26/24 പാലിയേറ്റീവ് കെയർ | 23050752009200698737/ 16.11.2023 | 47818 | 30955 |
| | 23050752009200773275/ 16.11.2023 | 100000 | 24020 |
| | 23050752009200999273/ 10.01.2024 | 200000 | 200000 |
| | 23050752009201226854/ 12.03.2024 | 99995 | 22490 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന നിർമ്മാണ പദ്ധതി-ആദ്യ ഗഡു കൈപ്പറ്റിയശേഷം നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾ-തുടർ നടപടി അനിവാര്യം

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ആദ്യ ഗഡു കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതു വരെ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയും, തുടർ നടപടികൾ സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്/വിലാസം | വാർഡ് നം. | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | രാധാമണി, തെക്കേതിൽ | 7 | 40000 | കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകി |
| 2 | സാലി സോമൻ, ഔങ്ങാട്ടികളത്തിൽ | 10 | 40000 | കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകി |
| 3 | ബിന്ദു അജികുമാർ ഇടശ്ശേരി മേപ്പുറത്ത് | 9 | 40000 | നിർമ്മാണം ആരംഭിക്കുന്നതാണെന്ന് അറിയിച്ചു |
| 4 | രാജിമോൾ, നാഴിപ്പാറവടക്കേതിൽ | 5 | 40000 | കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ സമ്മതിച്ചിട്ടുണ്ട്. |
| 5 | ലത സി കെ ഇടനാട്ടു കടവിൽ | 8 | 40000 | കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകി |

| | | | | |
|---|---|---|---|---|
| 6 | അജിത പി കെ പേഴംകാലായിൽ | 6 | 40000 | കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകി |
| 7 | തങ്കച്ചൻ എം കെ മൈലും മൂട്ടിൽ | 6 | 40000 | നിർമ്മാണം ആരംഭിക്കുന്നതാണെന്ന് അറിയിച്ചു |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ പുരോഗതി നിരീക്ഷിക്കേണ്ടതും, കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ തയ്യാറായിട്ടുള്ളവരിൽ നിന്നും ആയത് ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-29 ദുരിതാശ്വാസ നിധി-പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നില്ല

പഞ്ചായത്തിൽ ദുരിതാശ്വാസ നിധി സ്വരൂപിക്കുന്ന കാര്യത്തിലും കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും, നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. എസ്.ബി.ഐ.കവിയൂർ ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും (A/C No.40170478675) നാളിതുവരെ ഇതിലേക്ക് തുകകളൊന്നും വരവ് വന്നിട്ടില്ല. ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ സംബന്ധിച്ച് ചട്ടങ്ങളിൽ വിശദമാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയിലേക്ക് ധനം സമാഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച്, ഗ്രാമപഞ്ചായത്തിലെ നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 നിർവ്വഹണ ഉദ്യോഗസ്ഥർ റ്റി.ആർ. 7എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ. 7എ ഫോറത്തിലാണ് ക്യാഷ് ബുക്ക് പരിപാലിക്കേണ്ടത്. നിർവ്വഹണ ഉദ്യോഗസ്ഥർ റ്റി.ആർ. 7എ മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16-ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹെഡ് മിസ്ട്രസ്, ഡെയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ റ്റി.ആർ. 7എ മാതൃകയിലുള്ള ക്യാഷ് ബുക്കല്ല പരിപാലിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കണം.

## 1-31 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ കാലതാമസം

2010-ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം(ജൂലായ് 31 നകം) വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കവിയൂർ എഫ്.എച്ച്.സി-യുടെ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു. എഫ്.എച്ച്.സി-യുടെ 2019-20 സാമ്പത്തിക വർഷം മുതലുള്ള കണക്കുകളാണ് ഓഡിറ്റിന് ഹാജരാക്കാനുള്ളത്. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 1-32 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 18 |
| സ്വന്തമായി കെട്ടിടമുള്ളവ | 12 |

| | |
|---|---|
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 6 |
| ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഉള്ളവ | 4 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 18 |
| ചുറ്റുമതിൽ ഉള്ളവ | 4 |

ഗ്രാമപ്പഞ്ചായത്തിൽ നിലവിലുള്ള 18 അങ്കണവാടികളിൽ 6 എണ്ണം വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സെന്റർ നം. 6, 117 എന്നീ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് ഐ. സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. അവയുടെ കെട്ടിടനിർമ്മാണത്തിന് പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

സെന്റർ നം.8 അങ്കണവാടിയുടെ സമീപം കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ നിർമ്മാണസാമഗ്രികൾ കൂട്ടിയിട്ടിരിക്കുന്നതിനാൽ ഇഴജന്തുക്കളുടെ ശല്യം ഉണ്ടാകുന്നതായും മഴക്കാലത്ത് മുറ്റത്ത് വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യമുള്ളതായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ 4 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ നായകളുടെ ശല്യം ഉണ്ടാകുന്നതായി അറിയിച്ചിട്ടുണ്ട്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുന്നതിന് പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

കെട്ടിടങ്ങളുടെ വാടകയിനത്തിൽ വകുപ്പിൽ നിന്നു ലഭ്യമാകുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ അധികമായി അടവാക്കേണ്ട തുക ഗ്രാമപ്പഞ്ചായത്തിൽ നിന്ന് അനുവദിക്കുന്നതുസംബന്ധിച്ച ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ആവശ്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ആവശ്യമായ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കാനുള്ള സാദ്ധ്യത സംബന്ധിച്ച വിഷയത്തിൽ ജനപ്രതിനിധികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

19.04.2022ലെ സ.ഉ(കൈ)84/2022/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-33 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -ഹരിതകർമ്മസേനാ പ്രവർത്തനം-അവലോകനം

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 166-ന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം.കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 219(എ) മുതൽ (എസ്) വരെയുള്ള വകുപ്പുകൾ പ്രകാരം മാലിന്യം നിർമാർജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും മാലിന്യ ഉൽപ്പാദകരുടെയും ചുമതലകൾ നിർവചിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 07.06.2024-ലെ ഡി.കെ.എസ്.എ. 47/സി.എ.ആർ.3/2004 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ '**ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ**' എന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം കവിയൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ, മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ബന്ധപ്പെട്ട പദ്ധതികളുടെ ഫയലുകൾ, ഓഡിറ്റ് എൻക്വയറിക്ക് (നം.2/21.08.2024) പഞ്ചായത്ത് സമർപ്പിച്ച വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിശകലനം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) ഹരിത കർമസേന-അടിസ്ഥാന വിവരങ്ങൾ**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ.(ആർ.ടി.)നം.1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. മാലിന്യത്തെ വരുമാനം ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അതിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം. ഈ ലക്ഷ്യം മുൻ നിർത്തി കവിയൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മസേനയിൽ 28 സേനാംഗങ്ങളാണുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് സിസ്റ്റം വഴി വീടുകളിൽ നിന്നും 50 രൂപ, സ്ഥാപനങ്ങളിൽ നിന്നും 100 രൂപ എന്നീ നിരക്കിൽ യൂസർ ഫീ ഈടാക്കി വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് മിനി എം.സി.എഫ്-കളിൽ തരംതിരിച്ച് സൂക്ഷിക്കുകയും തുടർന്ന് മെയിൻ എം.സി.എഫ്-ൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു.

14 വാർഡുകൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിൽ ആകെ 5763 വീടുകളും 997 സ്ഥാപനങ്ങളുമാണുള്ളത്. ആകെ ജനസംഖ്യ 16852 ആണ്. 14 വാർഡുകളിലേക്കായി 28 ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഹരിത കർമ്മ സേനാ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടില്ല.

**2) മാലിന്യശേഖരണത്തിലെ കാര്യക്ഷമത**

മാലിന്യ ശേഖരണത്തിനായി പാഴ്‌വസ്തു ശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ കലണ്ടർ അടിസ്ഥാനപ്പെടുത്തിയുള്ള മാലിന്യ ശേഖരം പൂർണമായി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ 4485 വീടുകളിലും 342 സ്ഥാപനങ്ങളിലും QR കോഡ് പതിപ്പിച്ച് മാലിന്യ ശേഖരണത്തിന്റെ പുരോഗതി മൊബൈൽ ആപ്പ് വഴി വിലയിരുത്തുന്നു. സർട്ടിഫിക്കറ്റുകളുടെ ആവശ്യത്തിനായി യൂസർഫീ കാർഡ് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നു. നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്.

**3) മാലിന്യ വേർതിരിവ് പാലിക്കൽ**

ഉറവിടത്തിൽ സംസ്കരിക്കാൻ കഴിയുന്ന മാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖരിക്കുന്നില്ല. ഉറവിട മാലിന്യ സംസ്കരണകരണത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

**4) റീസൈക്ലിംഗ്**

പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കുന്നത് വഴി പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നത് സംബന്ധിച്ച് ബോധവത്കരണം നൽകിയിട്ടുണ്ട്. തുണി പോലുള്ള പാഴ്‌വസ്തുക്കളിൽ നിന്നും ഉപയോഗമുള്ള സാധനങ്ങൾ നിർമ്മിക്കുന്നതിനായി പരിശീലനം നൽകുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ഹരിതസഭ നടത്തിയിട്ടുണ്ട്. കൂടാതെ വിവിധ കാലയളവുകളിൽ മാലിന്യമുക്തം നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ക്ലീൻ ഡ്രൈവ് നടത്തിയിട്ടുമുണ്ട്.

**6) തൊഴിൽ സൃഷ്ടിക്കൽ**

28 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. മാസത്തിലെ ആദ്യ 10 ദിവസങ്ങൾ മാലിന്യ ശേഖരണവും, ശേഷിക്കുന്ന ദിനങ്ങൾ മാലിന്യം തരംതിരിക്കുന്ന ജോലിയിലും അംഗങ്ങൾ ഏർപ്പെടുന്നു. ഹരിത കർമസേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിതകർമ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ കവിയൂർ ശാഖയിൽ 3728466236 നമ്പരായി അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. 2023-24 സാമ്പത്തിക വർഷം 23.79 ലക്ഷം രൂപ യൂസർഫീ ഇനത്തിൽ വരുമാനം ലഭിച്ചിട്ടുണ്ട്.

യൂസർ ഫീ ആയി പ്രതിമാസം 2 ലക്ഷം രൂപയിലധികം ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. നിലവിൽ ഈ അക്കൗണ്ടിൽ 4.90 ലക്ഷം രൂപ നീക്കിയിരുപ്പുണ്ട്. ഓരോ സേനാംഗത്തിനും 7500 മുതൽ 10,000 രൂപ വരെ ശരാശരി വരുമാനമായി ലഭിക്കുന്നുണ്ട്. അംഗങ്ങളുടെ വരുമാന വർദ്ധനവിനും ജീവിത നിലവാരം ഉയരുന്നതിനും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്.

**7) അടിസ്ഥാന സൗകര്യ വികസനം**

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡിലും മിനി എം.സി.എഫുകൾ (14 എണ്ണം) സ്ഥാപിച്ചിട്ടുണ്ട്. ഹരിതകർമ്മസേന

ശേഖരിക്കുന്ന മാലിന്യം മിനി എം.സി.എഫുകളിൽ ശേഖരിച്ച് താൽക്കാലിക എം.സി.എഫിൽ എത്തിക്കുകയും തുടർന്ന് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. ക്ലീൻകേരള കമ്പനി സമയബന്ധിതമായി മാലിന്യങ്ങൾ കൊണ്ടുപോകുന്നുണ്ട്.

**8) പാരിസ്ഥിതിക ആഘാതം**

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നതിനും, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിനും പിഴ ഈടാക്കുന്നുണ്ട്. മാലിന്യം അനധികൃതമായി വലിച്ചെറിയുന്നത് തടയുന്നതിനായി തോട്ടഭാഗം ജംഗ്ഷനിൽ സി.സി. ടി.വി. ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറ്റ് നാല് ഭാഗങ്ങലിൽ കൂടി സി.സി. ടി.വി. സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പനങ്ങളുടെ വിൽപ്പന തടയുന്നതിനായി പഞ്ചായത്തിന്റെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധനകൾ നടത്തി വരുന്നു. പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിഞ്ഞതിനും ഒറ്റത്തവണ ഉപയോഗത്തിലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ കൈവശം വെച്ചതിനും പിഴയായി 17,000 രൂപ ഈടാക്കിയിട്ടുണ്ട്.

**9) പരിശീലനവും വികസനവും**

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് സ്മാർട്ട് ഗാബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ക്ലീൻ കേരള കമ്പനിയും പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ അതുവഴിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോയിട്ടില്ല.

**10) നിയമങ്ങൾ പാലിക്കൽ**

മാലിന്യ സംസ്കരണ ചട്ടങ്ങളും, മാനദണ്ഡങ്ങളും പാലിച്ചാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനം നടക്കുന്നത്.

**11) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെകുറിച്ച് അവബോധം നൽകുന്നതിനായി വാർഡുകൾ തോറും ഹരിത സഭകൾ സംഘടിപ്പിച്ചിരുന്നു. എല്ലാ ഗ്രാമസഭകളിലും ഹരിത ചട്ടം പാലിക്കുന്നതുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നോട്ടീസ് അച്ചടിച്ച് ഹരിത കർമ്മസേന വഴി എല്ലാ വീടുകളിലും വിതരണം ചെയ്തിരുന്നു. ഇതിന് പുറമേ ഹരിത കർമ്മസേനാംഗങ്ങൾ ഓരോ വീടുകളിലുമെത്തി ആവശ്യമായ ബോധവർക്കരണ സന്ദേശങ്ങൾ നൽകി വരുന്നു.

മാലിന്യം തരംതിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധി കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ഉണ്ടാക്കാനായിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിത കർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) / റിസോഴ്സ് റിക്കവറി ഫെസിലിറ്റി(RRF)**

**1) അടിസ്ഥാന വിവരങ്ങൾ**

നിലവിൽ ഗ്രാമപഞ്ചായത്തിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുമുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) ഇല്ല. ഗ്രാമപഞ്ചായത്ത് ഓഫീസിനോടുചേർന്ന് 2021 ഡിസംബറിൽ നിർമ്മാണം പൂർത്തീകരിച്ച 300 ചതുരശ്ര അടിയിൽ താഴെ വിസ്തൃതിയുള്ള ഒരു കെട്ടിടത്തിലാണ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, കുപ്പികൾ, കുപ്പിച്ചില്ലുകൾ, ഇ-മാലിന്യം എന്നിവ സംഭരിച്ചിരിക്കുന്നത്.



എം.സി.എഫ്. കെട്ടിടം

അജൈവ മാലിന്യം സംഭരിക്കുവാനും ശാസ്ത്രീയമായി തരംതിരിക്കുവാനും ലക്ഷ്യമിട്ടാണ് തദ്ദേശസ്ഥാപനങ്ങളുടെ കീഴിൽ എം.സി.എഫ്. പ്രവർത്തിക്കുന്നത്. ശുചിമുറി സൗകര്യം, വസ്ത്രം മാറുന്നതിനുള്ള സൗകര്യം, ആരോഗ്യ പരിപാലന സൗകര്യം എന്നിവയൊന്നും ഇവിടെയില്ല. പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന എം.സി.എഫി-ൽ ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനോ തരംതിരിക്കുന്നതിനോ ഉള്ള സൗകര്യവും ഇല്ല. മനയ്ക്കച്ചിറയിൽ എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ എം.സി.എഫ് സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിനും സംസ്കരണത്തിനുമായി ഉപയോഗിക്കാൻ പഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ല. മിനി എം.സി.എഫിൽ നിന്ന് പ്രധാന എം.സി.എഫിലേക്ക് വാടകയ്ക്ക് വാഹനം എടുത്താണ് മാലിന്യം കൊണ്ടുവരുന്നത്. പഞ്ചായത്തിൽ ആർ.ആർ.എഫ്. സ്ഥാപിച്ചിട്ടില്ല. ഹരിതകർമ്മസേനാ കൺസോർഷ്യത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സൗകര്യം അനുവദിച്ച് നൽകിയിട്ടില്ല.

**2) മാലിന്യ കൈമാറ്റ കാര്യക്ഷമത**

വീടുകളിൽ നിന്ന് ശേഖരിക്കുന്ന പാഴ് വസ്തുക്കൾ ഹരിതകർമ്മ സേന MCF-ലേക്ക് കൃത്യമായി കൈമാറാറുണ്ട്.

**3) മാലിന്യ സംഭരണ ശേഷി**

ഗ്രാമപഞ്ചായത്ത് ഓഫീസിനോടുചേർന്ന് 2021 ഡിസംബറിൽ നിർമ്മാണം പൂർത്തീകരിച്ച കേന്ദ്രത്തിലാണ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, കുപ്പികൾ, കുപ്പിച്ചില്ലുകൾ, ഇ-മാലിന്യം എന്നിവ സംഭരിച്ചിരിക്കുന്നത്. 300 ചുരശ്ര അടിയിൽ താഴെയുള്ള ഒരു കെട്ടിടമാണ് ഇതിനായി ഉപയോഗിക്കുന്നത്. അജൈവ മാലിന്യം സംഭരിക്കുവാനും ശാസ്ത്രീയമായി തരംതിരിക്കുവാനും ലക്ഷ്യമിട്ടാണ് തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ എം.സി.എഫ്. പ്രവർത്തിക്കുന്നത്. ശുചിമുറി സൗകര്യം, വസ്ത്രം മാറുന്നതിനുള്ള സൗകര്യം, ആരോഗ്യ പരിപാലന സൗകര്യം എന്നിവയൊന്നും ഇവിടെയില്ല. പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന എം.സി.എഫി-ൽ ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനോ തരംതിരിക്കുന്നതിനോ ഉള്ള സൗകര്യവും ഇല്ല.

**4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

പാഴ്‌വസ്തു സംഭരണകേന്ദ്രങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തീപിടുത്തം തടയുന്നതിന് 3 ഫയർ എക്സ്റ്റിംഗ്യൂഷറുകൾ സ്ഥാപിച്ചിട്ടുണ്ട്.

**5. ശുചിത്വ മാനദണ്ഡങ്ങൾ**

മാലിന്യം തരംതിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നാണ് നിലവിൽ എം.സി.എഫ്. സ്ഥാപിച്ചിട്ടുള്ളത്. മതിയായ സംഭരണശേഷി ഇല്ലാത്തതിനാൽ എം.സി.ഫിന്റെ മുന്നിലും പരിസരത്തുമായി കൊണ്ടുവരുന്ന മാലിന്യങ്ങൾ പലപ്പോഴും കെട്ടികിടക്കുന്ന അവസ്ഥയാണുള്ളത്. ദുർഗന്ധവും കീടങ്ങളും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**6) മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നതിലെ കാര്യക്ഷമത**

സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന

പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും, ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് സേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്. ക്ലീൻ കേരള കമ്പനിക്ക് 6220 കി.ഗ്രാം ലെഗസി വേസ്റ്റ് കൈമാറിയ വകയിൽ 62,200 രൂപ നൽകിയിട്ടുണ്ട്.

ശുചിത്വ പരിപാലനം ഉറപ്പാക്കുന്നതിൽ ഹരിതകർമ്മ സേനയുടെ സേവനം പൊതുവെ തൃപ്തികരമാണ്. മാലിന്യം അശ്രദ്ധമായി വലിച്ചെറിയുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് വഴിയും മാലിന്യ സംസ്കരണത്തെ പ്രോൽസാഹിപ്പിക്കുന്നവർക്ക് പാരിതോഷികങ്ങൾ നൽകുന്നത് വഴിയും മാലിന്യ നിർമാർജ്ജനത്തെ പുതിയ തലത്തിലെത്തിക്കാൻ ഹരിത കർമ്മ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലൂടെ സുസ്ഥിര വികസനത്തിലെത്തുന്നതിന് ഹരിതകർമ്മ സേന അവിഭാജ്യഘടകമാണ്. ഹരിതകർമ്മ സേനയുടെ ക്ഷമത ഉയർത്തി പ്രവർത്തനം കുറ്റമറ്റതാകാൻ സഹായിക്കുന്ന ഏതാനും ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ**

- സ്മാർട്ട് ഗാർബേജ് പദ്ധതിക്കായി ഗണ്യമായ തുകകൾ ചെലവഴിച്ച് ക്യൂ.ആർ. കോഡ് പതിക്കുകയും പരിശീലനങ്ങൾ നടത്തുകയും ചെയ്തെങ്കിലും അത് പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. യൂസർ ഫീ കളക്ഷൻ, മാലിന്യക്കൈമാറ്റ പ്രക്രിയകൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവിഷ്കരിച്ച പദ്ധതി പ്രവൃത്തിപഥത്തിലെത്തിക്കാൻ അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.
- പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.
- പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- ഹരിത കർമ്മസേനാംഗങ്ങളുടെ തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മസേനാ പ്രവർത്തനൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- ആരാധനാലയങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവ കൂടി ഹരിത കർമ്മസേനയുടെ പരിധിയിൽ കൊണ്ടുവരേണ്ടതും മതിയായ യൂസർ ഫീ ഈടാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 4,00,000 | പാലിയെറ്റീവ് കെയർ (S0026) | 4,00,000 | ഇല്ല |
| „ | 4,00,000 | നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല ജീ-ബിൻ വിതരണം (S0133) | 4,00,000 | „ |
| „ | 2,00,000 | അഗതി രഹിത കേരളം-ആശ്രയ (S0011) | 2,00,000 | „ |
| „ | 1,56,598 | പാലിന് സബ്സിഡി (S0014) | 1,56,598 | „ |
| „ | 7,00,000 | നെൽകൃഷി വികസനം (S0030) | 7,00,000 | „ |
| „ | 4,20,000 | ലൈഫ് ഭവന പദ്ധതി-പട്ടിക ജാതി (S0135) | 4,20,000 | „ |
| „ | 15,90,000 | ലൈഫ് ഭവന പദ്ധതി (S0138) | 15,90,000 | „ |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 30,000 | നെൽകൃഷി വികസനം (S0030) | 30,000 | „ |
| „ | 71,428 | അനുപൂരക പോഷകാഹാര പദ്ധതി (S0015) | 71,428 | „ |
| „ | 1,28,571 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പും ബത്തയും (S0016) | 1,28,571 | „ |
| „ | 4,20,000 | ലൈഫ് ഭവന പദ്ധതി-പട്ടിക ജാതി (S0135) | 4,20,000 | „ |
| „ | 2,60,000 | ലൈഫ് ഭവന പദ്ധതി (S0104) | 2,60,000 | „ |
| „ | 13,60,000 | ലൈഫ് ഭവന പദ്ധതി (S0138) | 13,60,000 | „ |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പ്രകാരം ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | മത്തിമല കടുവിളാംപാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ-അധിക വിഹിതം നൽകൽ (S0214) | KWA | 7,48,850 | 49,665 | 58,335 |
| 2 | 10 ാം നം അംഗൻവാടിക്ക് കുഴൽക്കിണർ (S0248) | GWA | 108000 | ലഭിച്ചില്ല | 1,08,000 |
| 3 | മുട്ടത്തുപാറ പൊതു ശ്മശാന കെട്ടിടത്തിലേക്ക് വൈദ്യുതികണക്ഷൻ എടുക്കൽ (S0263) | KSEB | 17,218 | „ | 17,218 |
| 4 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ | KSEB | 32,754 | „ | 32,754 |

| | | | | | |
|---|---|---|---|---|---|
| | (S0282) | | | | |
| 5 | ഐരാർ പാടശേഖരത്തിന് ഇലക്ട്രിക് കണക്ഷൻ (S0210) | KSEB | 82,139 | ,, | 82,139 |
| | ആകെ | | 9,88,961 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 1,34,21,396 | 1,06,15,930 | 11,34,291 | -- | 94,81,639 |

ലോൺ തുകയുടെ നീക്കിയിരുപ്പും വാർഷിക കണക്കിലെ തുകയുടെ നീക്കിയിരുപ്പുമായി 3,08,823 രൂപയുടെ വ്യത്യാസം ഉണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 17 | 2002-03 | VII 3.6(i) | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി-ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 | 38 | 2002-03 | VII 3.6(ii) | പെരുമ്പട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 42, 51 | 2002-03 | VII 3.6(iii) | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പണി നടത്താത്തത് സംബന്ധിച്ച് | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 49 | 2002-03 | Vil 3.6(iv) | മണ്ണേറ്റ് പടി പാറപ്പുഴ കടവ് റോഡ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| | | 2015-16 | 2.1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | ടി സ്ഥാപനത്തിന്റെ തൊഴിൽ നികുതി 2018 മാർച്ച് മാസം |

| | | | | | |
|---|---|---|---|---|---|
| | | | | -യുണൈറ്റഡ് ട്രോപ്പിക്കൽ വിന്നേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 21-ാം തീയതിയിലെ 117020500060-ാം നമ്പർ രസീതായി ഒടുക്ക് വരുത്തിയിട്ടുണ്ട്. |
| | | 2015-16 | 2.1 | ഡി& ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിലുടമകളുടെയും വാർഷിക വരുമാന സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതായി കാണുന്നില്ല. | പരാമർശത്തിൻമേൽ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് |
| 2019-20 | 1-13 | 2021-22 | അനുബന്ധം-1 ക്രമ നം.1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയത് സംബന്ധിച്ചാണ് പരാമർശം. | കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ വാണിജ്യ ആവശ്യത്തിനുളളവ, 100/200 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40965186 | 95055025 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30479933 | 95733133 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം | 9860 | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -- | -- |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 9860 | ശ്രീ. അരുൺകുമാർ ആർ, അസി.എഞ്ചിനീയർ |

**തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അരുൺകുമാർ ആർ.<br>അസി. എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>കവിയൂർ ഗ്രാമപഞ്ചായത്ത് | ശ്രീനിലയം<br>വെണ്ണിക്കുളം പി.ഒ.<br>പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നം./തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽഎഫ്.പിറ്റിഎ/പി3/396/98<br>തീയതി: 03/08/2009 | 1 (1-1) |
| 1998-99 | എൽഎഫ്.പിറ്റിഎ/പി4/874/04<br>തീയതി: 11/05/2005 | 6 (2-1(a) To 2-1(e), 4-9 |
| 1999-00<br>(ഡി.സി.ബി) | എൽഎഫ്.പിറ്റിഎ/പി4/878/04<br>തീയതി: 05/07/2005 | 2 (2-3(a)(1-3), 2-3(b)(c) |
| 1999-00<br>(പ്ലാൻ) | എൽഎഫ്.പിറ്റിഎ/പി2/97/01<br>തീയതി: 04/02/2002 | 12(19(a),(b),(c), 31, 38, 42, 45, 48, 49, 51, 54, 79) |
| 2000-01 | എൽഎഫ്.പിറ്റിഎ/പി.4/680/03<br>തീയതി: 01/04/2004 | 2 (8, 15) |
| 2002-03 | എൽഎഫ്.പിറ്റിഎ/പി5/189/06<br>തീയതി: 06/10/2006 | 13(2-7, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-14, 3-16, 3-17) |
| 2004-05 | എൽഎഫ്.പിറ്റിഎ/പി5/1133/07<br>തീയതി: 03/04/2008 | 5 (2-8, 2-11, 2-12, 3-7, 3-11(a) |
| 2005-06 | എൽഎഫ്.പിറ്റിഎ/പി7/769/11<br>തീയതി: 08/12/2001 | 3 (3-5, 3-6, 3-7) |
| 2006-07 | എൽഎഫ്.പിറ്റിഎ/പി7/770/11<br>തീയതി: 08/12/2011 | 10(3-1, 3-3, 3-4, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14) |
| 2010-11 &<br>2011-12 | എൽഎഫ്.പിറ്റിഎ/പി/7/992/13<br>തീയതി: 05/02/2014 | 9 (3-1, 3-3, 3-9, 3-10, 3-11-1, 3-11-2, 3-11-3, 3-11-4, 3-12) |
| 2012-13 | എൽഎഫ്.പിറ്റിഎ/പി/7/954/14<br>തീയതി: 23/12/2014 | 8 (2-3, 3-1, 3-2-1, 3-2-2, 3-2-4, 3-4, 3-7, 3-8) |
| 2013-14 | എൽഎഫ്.പിറ്റിഎ/പി/7/348/15<br>തീയതി: 28/07/2015 | 1 (3-1) |
| 2015-16 | കെഎസ്എ.പിറ്റിഎ/പി7-1839/17<br>തീയതി: 21/06/2016 | 5 (2-2(a), 2-3, 3-4, 3-8, 3-11) |
| 2016-17 | കെഎസ്എ.പിറ്റിഎ/പി7-1113/17<br>തീയതി: 07/10/2017 | 8 (2-4, 2-9, 3-1(a), 3-5, 3-8, 3-9, 3-19, 3-21) |
| 2017-18 | കെഎസ്എ.പിറ്റിഎ/പി.7-23/18<br>തീയതി: 12/01/2019 | 3 (2-7, 2-8, 2-10) |
| 2018-19 | കെഎസ്എ.പിറ്റിഎ/പി7/156/20<br>തീയതി: 16/03/2020 | 9 (1-13ബി, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-26, 1-33) |

| | | |
|---|---|---|
| 2019-20 | കെഎസ്എ.പിറ്റിഎ/പി7/258/21<br>തീയതി: 09/04/2021 | 4 (1-13, 1-14, 1-15, 1-19) |
| 2020-21 | കെഎസ്എ.പിറ്റിഎ/പി7/351/22<br>തീയതി: 07/05/2022 | 13 (1-11, 1-12 1-13, 1-14,<br>1-15, 1-17, 1-18, 1-22, 1-23,<br>4-2, 4-7, 4-9,4-10) |
| 2021-22 | കെഎസ്എ.പിറ്റിഎ/പി7/214/23<br>തീയതി: 22/03/2023 | 5 (1-12, 1-13, 1-16, 1-21, 4-2) |
| 2022-23 | കെ.എസ്.എ.പി.റ്റി.എ P7/1001/2023<br>20-10-2023 | 8 (1-13, 1-14, 1-15, 1-18,<br>1-19, 1-24, 1-26, 4-2) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 11-06-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the KAVIYOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of KAVIYOOR Grama Panchayat as on 31-03-2024

Date: **04/10/2024**

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of KAVIYOOR Grama Panchayat for the Year 2023-2024 .

**1.Major Observations**

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. Cash Flow Statement-Net increase in cash flow does not match with the difference between

opening balance and closing balance of cash and cash equivalents.

2. Lapses in making timely and accurate demand entries in respect of tax and non tax revenue.
3. Lapsed deposits have not been 'forfeited' and transferred to the revenue head.
4. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.
5. Schedule B-18: Amount deposited in various implementing agencies for deposit works is incorrect and not reliable for audit
6. Schedule B-5: Secured Loan from KURDFC - There is a difference of Rs. 23,70,283 between the provision amount as per AFS (Rs. 59,62,776) and the amount as per register (Rs. 35,92,493).
7. Beneficiary Contribution- The balance amount has not been adjusted or refunded to the implementing officers.
8. Schedule B-16: Prepaid Program Expenses - The amount entered is not accurate and authentic.
9. Schedule B-I-11: Purchase of Fire Extinguisher (Rs.14,750)-An asset item was wrongly booked under Other Administrative Expense head.
10. Schedule B-I-14(A)- Expenditure on asset enhancement work of public crematorium (Rs. 16,76,282) has been accounted under Revenue Head (251130301) instead of being booked under Asset Head 414130107).

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്